## സ്ലേറ്റ്

‘ഇന്ന് തിരുവാതിര ഞാറ്റുവേലയാ മാഷേ...’
‘നടാനൊന്നുമില്ലാത്തവർക്കെന്ത് ഞാറ്റുവേല...’
‘അങ്ങനെ പറയരുത്, നമുക്ക് നിലാവു നടാം, കാറ്റു നടാം...’
‘എന്നിട്ടുവേണം കൊടുങ്കാറ്റു കൊയ്യാൻ...’

**സുബ്രഹ്മണ്യൻ**

# പുകഞ്ഞ്

**അഹമ്മദ് കരിമ്പിച്ചിറ**

പ്രഭാതത്തിന്റെ
കിരണങ്ങൾ കാണാൻ
അവരെന്നും കിഴക്കോട്ട് നോക്കി
കനത്ത ഇരുട്ട്
പിന്നെയും പിന്നെയും കട്ട പിടിക്കുന്നു

പിന്നെ, പടിഞ്ഞാറോട്ട് നോക്കി
കിളികളുടെ ആരവംമാത്രം
പ്രകാശ രശ്മികളെവിടെ?

നുരഞ്ഞ് പതയുന്ന പാനപാത്രങ്ങൾ
തിമിർത്താടുന്ന വൈകൃത രൂപങ്ങൾ
കലയെന്ന പേരിലവതരിപ്പിച്ച്
കൈയടി വാങ്ങുന്ന പേക്കൂത്തുകൾ
ഇതൊക്കെയും പ്രകാശത്തിന്റെ
തിരിനാളമാണെന്നാരൊക്കെയോ ഘോഷിച്ചു.

**പ്രകാശമിപ്പോഴും**
**പുകഞ്ഞ് കൊണ്ടേയിരിക്കുന്നുണ്ട്.**
**ചാരത്തിന്നടിയിൽ നോക്കിയാൽ കാണാം.**

## കഥ

തന്റെ സൃഷ്ടിക്കു ബ്ലാക്ക് മാർക്കിട്ട
എഡിറ്റർക്ക് ചുവന്ന മഷികൊണ്ടയാൾ
ലാസ്റ്റ് സപ്പറൊരുക്കി.........
ഇതൊരു സർഗാത്മക കൊലയാളിയുടെ
ജനന കഥ മാത്രം......
ഇനിയുമുണ്ട് ഒരുപാടു കഥകൾ വേറെ.....

**മാഹിൻ ഷാ**

# വെറുതെ

നിങ്ങളെപ്പിരിഞ്ഞു-
പോകുന്നതിലെനിക്കൊട്ടും,
ദുഃഖമില്ല.
കാരണം,
എന്നെ വിട്ട്
പിരിഞ്ഞുപോയവരുടെ-
യടുത്തേക്കാണല്ലോ
ഞാനും പോകുന്നത്.

നിനക്കാതെ പിന്നെ,
നിങ്ങളുമങ്ങെത്തും.
അപ്പോൾ
**പിന്നെന്തിനാണീ**
**കണ്ണുനീർ?**
എല്ലാം വെറുതെ-
വെറുതെ തന്നെ!!

**നൗഷാദ് കെ. പൂളമണ്ണ**